**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2786** **18-03-2022 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡിൽ പട്ടിക വിഭാഗക്കാരുടെ പ്രാതിനിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ** | | **null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ദേവസ്വം ബോർഡിൽ പട്ടിക വിഭാഗക്കാരുടെ പ്രാതിനിധ്യം ജനസംഖ്യാനുപാതികമായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് പട്ടിക ജാതി ക്ഷേമ സമിതി (പി.കെ.എസ്) എപ്രകാരമാണ് അപേക്ഷ നൽകിയത്; നാളിതുവരെ പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (എ) | ദേവസ്വം ബോർഡിലെ വിവിധ തസ്തികകളിൽ കേരള ദേവസ്വം റിക്രൂട്ടമെന്റ് ബോർഡ് വഴിനിയമനം നടത്തുമ്പോൾ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിന് 10% സംവരണമാണ് നൽകിവന്നിരുന്നത്. പട്ടികജാതി ക്ഷേമസമിതി(പി കെ എസ്) 18/10/2016 ൽ ബഹു മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ റിപ്പോർട്ട് സർക്കാർ ആവശ്യപ്പെട്ടുകയും ദേവസ്വം ബോർഡ് നിയമനങ്ങളിലെ സംവരണ ശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ ഉൾക്കൊള്ളുന്ന റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൻ സംസ്ഥാന മന്ത്രിസഭ, ദേവസ്വം ബോർഡ് നിയമനങ്ങളിൽ നിലവിലുള്ള സംവരണ തോതിൽ വ്യത്യാസം വരുത്തുന്നതിന് നയപരമായ തീരുമാനമെടുക്കുയും ഇതനുസരിച്ച് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് നൽകി വന്നിരുന്ന 10%സംവരണം 12% ആയി ഉയർത്തുകയും ചെയ്തു. തുടർന്ന് നടപടിക്രമങ്ങൾ പൂർത്തിയാക്കി 19.11.2019 ൽ ജി.ഒ.(പി) 79/2019/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയതോടെ വർദ്ധിപ്പിച്ച സംവരണം നിലവിൽ വന്നു. ഇതിൻ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് സർക്കാർ സർവ്വീസിൽ ലഭിക്കുന്നതിനേക്കാൾ 2% അധികസംവരണം ദേവസ്വം നിയമനങ്ങളിൽ ലഭ്യമായി . പട്ടികജാതി ക്ഷേമ സമിതിയുടെ അപേക്ഷ ഉൾപ്പെടെ പരിഗണിച്ചാണ് സർക്കാർ ഇക്കാര്യത്തിൽ അനുകൂല തീരുമാനമെടുത്തു അധിക സംവരണം നടപ്പിലാക്കിയിട്ടുള്ളത് |

സെക്ഷൻ ഓഫീസർ